# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബൈസൺവാലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1182/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1182/2023 തീയ്യതി: 28/12/2023

## ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-10-2022 മുതൽ 06-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 10-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 13-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.സെബിൻ സെബസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബൈജു കൃഷ്ണൻകുട്ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ബിനുരാജ് ബി. | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ. രമേശ് പി. ആർ. | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജീവ് എം റ്റി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ കെ നായർ | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2022 | 29-07-2022 |
| ശ്രീ.അമിത് കെ സുധാകരൻ | അസിസ്റ്റൻറ് എഞ്ചിനിയർ | 30-07-2022 | 26-09-2022 |
| ശ്രീമതി അനീഷ എ വൈ | അസിസ്റ്റൻറ് എഞ്ചിനിയർ | 27-09-2022 | 31-03-2023 |
| ശ്രീമതി ഷിബുമോൾ മോഹനൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 17-08-2022 |
| ശ്രീമതി മിഥിലാ പി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 18-08-2022 | 22-01-2023 |
| ശ്രീമതി ഷൈലജ വി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 23-01-2023 | 31-03-2023 |
| ശ്രീമതി മെഹറു വീരാൻ | വെറ്ററിനറി സർജൻ | 01-04-2022 | 26-10-2022 |
| ശ്രീ.പ്രേംജിത്ത് പൊന്നപ്പൻ | വെറ്ററിനറി സർജൻ | 27-10-2022 | 31-03-2023 |
| ഡോ.ജിൻസി ജോസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 06-06-2022 |
| ഡോ.ഷെറിൻ എം ആർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 07-06-2022 | 23-11-2022 |
| ഡോ.സേറ ആൻ സജീവ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 24-11-2022 | 08-02-2023 |
| ഡോ.ഷെൽജാ കലാം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 09-02-2023 | 31-03-2023 |
| ഡോ.റഹിനാ സി കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 04-07-2022 |
| ഡോ.അഖിൽ സി സുരേഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 05-07-2022 | 31-03-2023 |
| ശ്രീ.സുരേഷ് കുമാർ കെ | ഹെഡ് മാസ്റ്റർ, | 01-04-2022 | 10-06-2022 |

| | | | |
|---|---|---|---|
| | ഗവ.എൽ.പി.സ്കൂൾ | | |
| ശ്രീമതി അഞ്ജു മാണി | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 11-06-2022 | 30-06-2022 |
| ശ്രീ.സുബ്രഹ്മണ്യൻ പി | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 01-07-2022 | 31-03-2023 |
| ശ്രീ.ജിജോ എബ്രഹാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 26-08-2022 |
| ശ്രീ.അരവിന്ദ് രാമചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-08-2022 | 09-11-2022 |
| ശ്രീ.ജിൻസ് കെ ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-11-2022 | 31-03-2023 |
| ശ്രീ.ജയദേവൻ എം കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-10-2022 |
| ശ്രീമതി രാകേന്ദു കെ ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-10-2022 | 31-03-2023 |
| ശ്രീ.സനിത്കുമാർ എൻ റ്റി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് റിക്കൻസിലേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്തിരിക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ജേർണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-7 |
| 9 | അക്യുമിലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിന് അധികരിക്കുന്നു | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻഡ് തുകകളെക്കാൾ വളരെ കുറവാണ് അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | വികസനഫണ്ട് (SCP), മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-80% ചെലവ് പരിധി കടന്നില്ല. | 1-3-1 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. | 1-4-1 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പദ്ധതികൾ | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 20 | തനത് വിഭവ സമാഹരണം - അവലോകനം | 1-9 |
| 21 | വസ്തു നികുതി പരിഷ്കരണം - ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല | 1-10 |
| 22 | നിലവിലില്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 1-11 |
| 23 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 1-12 |

| | | |
|---|---|---|
| 24 | രേഖാമൂലമുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലല്ലാതെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകി | 1-13 |
| 25 | വാടക ഇനത്തിൽ കുടിശിക അവശേഷിക്കുന്നു | 1-14 |
| 26 | ഇ-ടെണ്ടർ ഫീസ് - തിരിച്ചുകിട്ടാൻ അവശേഷിക്കുന്നു | 1-15 |
| 27 | വാങ്ങൽ പ്രക്രിയയിലെ അപാകതകൾ | 1-16 |
| 28 | പോഷകാഹാര പദ്ധതി - ന്യൂട്രിമിക്സ് വിതരണം ചെയ്യു സ്ഥാപനത്തിൽ നിന്ന് ടി. ഡി. എസ്. കുറവ് ചെയ്തില്ല | 1-17 |
| 29 | സി.സി.ടി.വി. വാങ്ങൽ - അപാകതകൾ | 1-18 |
| 30 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 31 | ബോട്ടിൽ കളക്ഷൻ ബൂത്ത് സ്ഥാപിക്കൽ - അപാകതകൾ | 1-20 |
| 32 | പി.വി.സി. കുടിവെള്ള ടാങ്ക് വിതരണം (ടി.എസ്.പി.)- അപാകതകൾ | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ മുൻകൂർ വിവരം | 4-3 |
| 4 | വായപ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023-ലെ 1(1)-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബൈസൻവാലി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ

ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബൈസൻവാലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 28.12.2023 | ഇടുക്കി |

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. നോട്ട്സ് ഓൺ അക്കൌണ്ട്സ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

(ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹825905/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹17951125/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.)

1-1-3 ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്തിരിക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി 1.4.2022-ൽ ബാങ്ക് ചാർജായി ഈടാക്കിയ ₹46/-യ്ക്ക് ചെലവ് വൗച്ചർ എഴുതി തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ നികുതി/നികുതിയിതര തുകകളും അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ

സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളുടെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ സംബന്ധിച്ച അപാകതകൾ ഖണ്ഡിക 4-4 കാണുക.

1-1-6 സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാൻഡ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാഹരണം - വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിൽ മാത്രമാണ് ഡിമാൻഡ് എൻട്രികൾ നടത്തുന്നത്. തുടർന്ന് വരുന്ന ഡിമാന്റുകൾ എൻട്രി നടത്തുന്നില്ല.

1-1-7 ജേർണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ILGMS-ൽ ചേർത്തിട്ടുള്ള ജേർണൽ വൗച്ചറുകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.

1-1-8 അക്യുമിലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിന് അധികരിക്കുന്നു

വാർഷികകണക്കിലെ B-11(a) - Accumulated Depreciation - പത്രിക പ്രകാരം അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ₹(-)9436711/- ആകുന്നു. തേയ്മാനം ശരിയായ നിരക്കിലല്ല കണക്കാക്കിയത് എന്ന് കാണുന്നു. കൂടാതെ, ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻഡ് തുകകളെക്കാൾ വളരെ കുറവാണ് അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക

വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റ് മറ്റ് വകുപ്പുകളിൽ നിന്നും ലഭിച്ച പദ്ധതി തുകകൾ എന്നിവയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ₹14,458,750.00 ആകുന്നു. എന്നാൽ ക്യാഷ്, ബാങ്ക് എന്നിവയിലെ നീക്കിയിരിപ്പ് (തനത് ഫണ്ട് ഉൾപ്പെടെ) ₹14,062,472.00 (B-17 - Cash And Bank Balance) മാത്രമാണ്. ₹396278/-യുടെ കുറവുണ്ട്.

1-2 ബജറ്റ്

ബൈസൻവാലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1/തീ. 08.03.2022 |
| ഭരണസമിതി അംഗീകാരം | I(1)/തീ. 25.03.2022 |
| ബജറ്റ് പുതുക്കൽ | I(1)/തീ. 20.03.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 10584593 |
| വരവ് | 242212500 |
| ആകെ | 252797093 |
| ചെലവ് | 238282000 |
| നീക്കിയിരിപ്പ് | 14515093 |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ്(₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13225288 | 13225288 | 12395262 | - |
| വികസനഫണ്ട് (SCP) | 0 | 3538602 | 3538602 | 2562544 | - |
| വികസനഫണ്ട് (TSP) | 0 | 2503000 | 2503000 | 2450186 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-unTied) | 1371180 | 4230641 | 5601821 | 4883660 | 718161 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 2194066 | 2474885 | 4668951 | 315458 | 4353493 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8706000 | 8706000 | 7942584 | - |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4570000 | 4570000 | 3032774 | - |
| ഐ.സി.ഡി.എസ് | 1331460 | 879514 | 2210974 | 1283795 | 927179 |
| Phc 320100202) | 0 | 324725 | 324725 | 306522 | 18203 |
| Phv (320100204) | 0 | 148089 | 148089 | 130599 | 17490 |
| മറ്റ് ബാധ്യതകൾ - ലൈഫ് ഭവന പദ്ധതി (320100999) | 0 | 400000 | 400000 | 0 | 400000 |
| നബാർഡ് (320200321 ) | 16209 | | 16209 | 0 | 16209 |
| ടോട്ടൽ സാനിറ്റേഷൻ (320400101) | 1001076 | 27324 | 1028400 | 83769 | 944631 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ (അംഗൻവാടി) (320200299 ) | 57000 | | 57000 | 0 | 57000 |
| ജലനിധി (320300102) | 1743131 | 411278 | 2154409 | 1701311 | 453098 |
| ലൈഫ് ഭവന പദ്ധതി (320300199 ) | 351625 | | 351625 | 275373 | 76252 |
| കൃഷി വകുപ്പ് വിഹിതം (320200399) | 4975000 | 715 | 4975715 | 715 | 4975000 |
| സാക്ഷരത (320200309 ) | 546 | 16 | 562 | 50 | 512 |
| എം.എൽ.എ ഫണ്ട് (320200307 ) | 18486 | 7832 | 26318 | 0 | 26318 |
| ഗ്രാന്റ് (സംയുക്ത പദ്ധതി) (320400199) | 75 | | 75 | 0 | 75 |
| പ്രത്യേക ഗ്രാന്റ്(320800199) | 350000 | 0 | 350000 | 315000 | 35000 |
| മറ്റ് ഗ്രാന്റുകൾ (എം.എൽ.എ ഫണ്ട് 312100507) | 5721 | 0 | 5721 | 0 | 5721 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സർക്കാർ ഉത്തരവ് നം. | അങ്കണവാടി ഹോണറേറിയം കുറവ് ചെയ്തത് (₹) | ലൈഫ് ലോൺ ഇനത്തിൽ കുറവ് ചെയ്തത് (₹) | റവന്യൂ പിരിവിൽ കുറവു വന്നതിനാൽ ഈടാക്കിയ തുക (₹) | 2021-22ൽ ചെലവ് ശതമാനം കുറവായതിനാൽ എസ്.സി.പി വകയിരുത്തൽ (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | സ.ഉ.(സാധാ) നം.1049/2023 ധന./13.2.23 | 365000 | 687541 | 136110 | 249602 |
| | സ.ഉ.(സാധാ) നം.6872/2022/ ധന./12.10.22 | 365000 | 687541 | 0 | 0 |
| | സ.ഉ.(സാധാ) നം.2839/2022/ ധന./8.4.22 | 365000 | 0 | 0 | 0 |
| വികസന ഫണ്ട് (SCP) | സ.ഉ.(സാധാ) നം.1049/2023 ധന./13.2.23 | 0 | 198881 | 0 | 0 |
| | സ.ഉ.(സാധാ) നം.6872/2022/ ധന./12.10.22 | 0 | 198881 | 0 | 0 |
| വികസന ഫണ്ട് (TSP) | സ.ഉ.(സാധാ) നം.1049/2023 ധന./13.2.23 | 0 | 804619 | 0 | 0 |
| | സ.ഉ.(സാധാ) നം.6872/2022/ ധന./12.10.22 | 0 | 804619 | 0 | 0 |

1-3-1 വികസനഫണ്ട് (SCP), മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-80% ചെലവ് പരിധി കടന്നില്ല.

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായും ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. ചെലവ് പരിധി 80% കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80% തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫോൾ ആകുന്നതാണ്. ആയതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹891564/- ലാപ്സായി.

| ഇനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | അടുത്ത വർഷം ക്യാരി ഓവർ ലഭിക്കുന്നത് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (SCP) | 3538602 | 2562544 | 976058 | 72.42 | 707720 | 268338 |
| മെയിന്റനന്റ്സ് ഗ്രാന്റ് | 4570000 | 3032774 | 1537226 | 66.36 | 914000 | 623226 |

| | | | | | | |
|---|---|---|---|---|---|---|
| (റോഡിതരം) | | | | | | |
| | | | | | ആകെ | 891564 |

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 183180413 | 108 | 60250901 | 0 | 71 | 60 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്റ്റുകൾ | നടപ്പാക്കിയവ | നടപ്പാക്കിയവ % | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 77.78 | 4099400 | 2535820 | 61.86 |
| വെറ്ററിനറി സർജൻ | 1 | 1 | 100.00 | 408000 | 408000 | 100.00 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 8 | 7 | 87.50 | 1954243 | 1536681 | 78.63 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 100.00 | 300000 | 300000 | 100.00 |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 1 | 1 | 100.00 | 615000 | 30410 | 4.94 |
| വി.ഇ.ഒ. | 19 | 16 | 84.21 | 129800192 | 26097148 | 20.11 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 100.00 | 4608300 | 3980088 | 86.37 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 53 | 38 | 71.70 | 20320761 | 9925062 | 48.84 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 100.00 | 1100000 | 600000 | 54.55 |
| ഹെഡ്മാസ്റ്റർ GLPS | 5 | 5 | 100.00 | 1197000 | 978939 | 81.78 |
| അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 72 | 22 | 30.56 | 18777517 | 13858753 | 73.81 |
| ആകെ | 179 | 108 | 60.34 | 183180413 | 60250901 | 32.89 |

1-4-1 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1513 | 1821415 | 1822928 | 1818979 | 3949 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 65867000 | 65867000 | 65867000 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,39,48,600 | 1339 |
| കർഷക തൊഴിലാളി പെൻഷൻ | 19,41,700 | 185 |
| വിധവാ പെൻഷൻ | 1,34,89,200 | 433 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,21,000 | 12 |
| വികലാംഗപെൻഷൻ | 26,13,600 | 229 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30,000 | 01 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.11.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹429/-യുടെ (നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. ഓഫീസ് സംവിധാനം - 4 ക്ലാർക്കുമാർ, 2 സീനിയർ ക്ലാർക്ക്, 2 ഓഫീസ് അറ്റന്റന്റ്, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു ഡ്രൈവർ എന്നിവർ കൂടാതെ അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാർ സ്ഥലം മാറിപോകുന്ന വേളയിലും പുതുതായി സ്ഥലം മാറി വരുന്ന സമയത്തും ഓഫീസ് ഓർഡർ പ്രകാരം സെക്ഷനുകളുടെ കൈമാറ്റം നടക്കുന്നില്ല.

2. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കുന്നില്ല. കൂടാതെ ആസ്തി പരിപാലന പ്ലാൻ തയ്യാറാക്കിയല്ല പദ്ധതികൾ തയ്യാറാക്കുന്നത്.

3. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

4. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക്

രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ശരിയായ രീതിയിൽ വിതരണം നടത്തുകയോ ചെയ്യുന്നില്ല. GEM മുഖേനയുള്ള വാങ്ങലുകളിലും അപാകതകൾ കാണുന്നു. ആവശ്യകത നിർണ്ണയം നടത്തിയും ബന്ധപ്പെട്ട കമ്മിറ്റികളുടെ അംഗീകാരത്തോടെയും അല്ല വാങ്ങലുകൾ നടത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നത്. കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ജീവനക്കാർ വാങ്ങൽ പ്രക്രിയകളിൽ അനധികൃതമായി ഇടപെടലുകൾ നടത്തുന്നതായി കാണുന്നു.

5. ഫ്രണ്ട് ഓഫീസ് പ്രവർത്തനം – വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് ഐ.എൽ.ജി.എം.എസ്. വഴി ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന പരിശോധന നടക്കുന്നില്ല. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നില്ല. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സുക്ഷിക്കുന്നുണ്ട്.

6. വാഹനങ്ങളുടെ ഉപയോഗം - ലോഗ് ബുക്ക് എഴുതി തയ്യാറാക്കുന്നുണ്ട്. എന്നാൽ മാസാവസാന അബ്സ്ട്രാക്റ്റ് തയ്യാറാക്കുന്നില്ല. മാത്രമല്ല പ്രത്യേക മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. കെട്ടിട നിർമ്മാണത്തിൽ നിയന്ത്രണങ്ങളുള്ള പഞ്ചായത്തിൽ അപേക്ഷകളുടെ അടിസ്ഥാനത്തിലല്ലാതെ അനധികൃതമായി കെട്ടിട നമ്പറുകൾ നൽകുന്നതായും കെട്ടിടത്തിന്റെ തരം മാറ്റി നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

## 1-9 തനത് വിഭവ സമാഹരണം - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ്, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ്, വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള അവലോകന കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

പ്രധാന വരുമാന മേഖലകൾ

വസ്തു നികുതി, തൊഴിൽ നികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ, പെർമിറ്റ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിന് പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

റവന്യൂ വിഭവ സമാഹരണത്തിൽ ഭരണ സമിതിയുടെ പങ്ക്

10.06.2022ലെ ഭരണ സമിതി യോഗത്തിൽ വസ്തു നികുതി കുടിശ്ശിക ഉള്ള കെട്ടിടങ്ങൾക്ക് റവന്യൂ റിക്കവറി

നോട്ടീസ് നൽകുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 12 യോഗങ്ങൾ കൂടിയിട്ടുണ്ടെങ്കിലും തനത് വരുമാന വർദ്ധനവിനെപ്പറ്റിയോ, പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനെപ്പറ്റിയോ ചർച്ച ചെയ്തിട്ടില്ല.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖ സൂക്ഷിപ്പ് തുടങ്ങിയ നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15) പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശിക ഉണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഹെഡ് | തുക ₹ |
|---|---|---|
| 1 | വസ്തു നികുതി (റെസിഡൻഷ്യൽ) – തൻവർഷം | 119572 |
| 2 | വസ്തു നികുതി (നോൺ റെസിഡന്ഷ്യൽ) –തൻവർഷം | 246968 |
| 3 | വസ്തു നികുതി (റെസിഡൻഷ്യൽ) – അരിയർ | 408786 |
| 4 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ) – അരിയർ | 1586422 |

വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലാക്കി തുക പിരിച്ചെടുക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

തൊഴിൽ നികുതി

സാമ്പത്തിക വർഷത്തിൽ 44 സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. റിസോർട്ട്, ഹോംസ്റ്റേ എന്ന ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളെ പൂർണ്ണമായി കണ്ടെത്തി ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും സ്ഥാപന തൊഴിൽ നികുതിയിനത്തിലും ഉള്ള വരുമാനം

വർദ്ധിപ്പിക്കാവുന്നതാണ് .

ലൈസൻസ് ഫീസുകൾ

വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. 2022-23 വർഷത്തിൽ 180 സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും. ലൈസൻസ് എടുക്കാൻ ഇനിയും സ്ഥാപനങ്ങൾ അവശേഷിക്കുന്നുണ്ട്. ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധന ഉൾപ്പടെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

വാടക, കുത്തകാവകാശം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകിയതിൽ കുടിശിക അവശേഷിക്കുന്നുണ്ട്. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-14ൽ ചേർത്തിട്ടുണ്ട്.

1-10 വസ്തു നികുതി പരിഷ്കരണം - ഫ്യൂവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല

ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 16/05/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 2(2) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. 2023ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023ലെ സ.ഉ.(അച്ചടി)25/2023/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്ക് ഉൾപ്പെട്ടിട്ടില്ല. ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്ന വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

1-11 നിലവിലില്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമ പഞ്ചായത്തിലെ 13-ാം വാർഡിലെ വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിൽ 44-ാം നമ്പർ കെട്ടിടം അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല എന്നും എന്നാൽ ബിൽഡിംഗ് ഡീറ്റെയിൽസ്, അസസ്സ്മെന്റ് ഡീറ്റെയിൽസ് എന്നീ ടാബുകളിൽ കെട്ടിട നമ്പർ രേഖപ്പെടുത്തി വിവരങ്ങൾ പരിശോധിക്കുമ്പോൾ നിലവിലുള്ള കെട്ടിടമായി രേഖപ്പെടുത്തിയിരിക്കുന്നു എന്നും ബോദ്ധ്യപ്പെട്ടു. പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയയിലെ ഫോം 6 പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥൻ | അൽത്താഫ് എം. എ.<br>മൂൺലീഫ് ഇന്റർനാഷണൽ, മേക്കാലടി |

| | |
|---|---|
| മേഖല | ദ്വിതീയം |
| റോഡിന്റെ പേര് | ജവഹർ ജംഗ്ഷൻ 20 ഏക്കർ റോഡ് |
| വഴി സൗകര്യം | 5 മീറ്ററും അതിൽ കൂടുതലും |
| തറ വിസ്തീർണ്ണം | താഴത്തെ നില-450 ച. മീ |
| | ഒന്നാം നില-350 ച. മീ |
| | മൂന്നാം നില-120 ച. മീ |
| ആകെ | 920 ച. മീ |
| കാലപ്പഴക്കം | 10 വർഷം മുതൽ 25 വർഷത്തിന് താഴെ വരെ (15 വർഷം) |
| തറ നിർമ്മിതി | സാധാരണ തറ<br>(മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്) (100 ച. മീ) |
| എയർ കണ്ടീഷനിംഗ് | ഇല്ല |
| ഉപയോഗക്രമം | റിസോർട്ടുകൾ |

ഈ കെട്ടിടത്തിന്റെ നമ്പർ നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. അപേക്ഷ ലഭിക്കാതെ തന്നെ നടപടികൾ നീക്കിയിരിക്കുന്നു

പഞ്ചായത്തിലെ എല്ലാവിധ അപേക്ഷകളും ലഭിക്കേണ്ടത് ഐ. എൽ. ജി. എം. എസ്. സോഫ്റ്റ്‌വെയറിലാണ്. ഐ.എൽ.ജി.എം.എസ്.-ൽ നിന്നും ലഭ്യമാക്കിയ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ 25.05.2023-ലോ മുൻ തീയതികളിലോ ഇപ്രകാരം ഒരു അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ കെട്ടിട നമ്പർ/വസ്തുനികുതി നിർണ്ണയം സംബന്ധിച്ച സോഫ്റ്റ്‌വെയറായ സഞ്ചയയിൽ അപേക്ഷ ലഭിച്ചതായി കാണിച്ച് വ്യാജ ബിൽഡിംഗ് ഐ. ഡി. നൽകി കെട്ടിട നമ്പർ നൽകുന്നതിനായി പരിഗണിച്ചിരിക്കുന്നു.

സഞ്ചയയിലെ അപേക്ഷയുടെ വിവരങ്ങൾ

| File Number & Date | Applicant Name | Ward No & Door No | Building ID |
|---|---|---|---|
| 1301 (25/05/2023) | Arun | 13/44 | 50575010006899 |

2. ഓഫീസ് സമയത്തല്ലാതെ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നു.

ഓഫീസ് സമയം ആരംഭിക്കുന്നതിന് മുൻപ് രാവിലെ 07.01.59 മുതൽ 9.45.37 വരെയുള്ള സമയത്താണ് അപേക്ഷ പരിഗണിച്ച് തീർപ്പ് കൽപ്പിച്ചിരിക്കുന്നത് എന്ന് സഞ്ചയയിൽ നിന്നുള്ള വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

അപേക്ഷ പരിഗണിച്ചതിന്റെ വിവരങ്ങൾ (സഞ്ചയ ബിൽഡിംഗ് എൻട്രി ലോഗ് പ്രകാരം)

| Sl.No | Transaction Type | Transaction Date /Time | Designation | User Name | Login Name |
|---|---|---|---|---|---|
| 1 | Data Entry | 25/05/2023 07:01:59 | Clerk | Mohamed Ashik T A | 50575145 |

| | | | | | |
|---|---|---|---|---|---|
| 2 | Verification | 25/05/2023 07:02:41 | Head Clerk | Shaju K M | 50575139 |
| 3 | Approval | 25/05/2023 07:03:27 | Secretary | Ramesh P R | 50575137 |

| Sl.No | Signed Login Name | Signed By | Signed Date | Signed Machine IP | Signed Machine MAC ID |
|---|---|---|---|---|---|
| 1 | 50575137 | Ramesh P R | 25/05/2023 09:45:37 | 192.168.1.11 | C4-e9-0a-05-7d-20 |

3. കെട്ടിട നമ്പർ നൽകി തൊട്ടടുത്ത ദിവസം തന്നെ E-Payment ആയി നികുതി ഒടുക്കിയിരിക്കുന്നു. കെട്ടിട നമ്പർ നൽകി തൊട്ടടുത്ത ദിവസം തന്നെ E-Payment ആയി രണ്ട് അർദ്ധ വർഷങ്ങളിലെയും നികുതി ഒടുക്കിയിരിക്കുന്നു. നേരിട്ട് പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ തുക ഒടുക്കിയാൽ ഫീൽഡ് സ്റ്റാഫ്, ഫ്രണ്ട് ഓഫീസിലെ ജീവനക്കാരൻ എന്നിവർ വിവരം അറിയാൻ സാധ്യതയുള്ളതിനാലാണ് E-Payment ആയി തുക ഒടുക്കിയിരിക്കുന്നത്.

കെട്ടിട നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ (സഞ്ചയ രസീത് പ്രകാരമുള്ള വിവരങ്ങൾ)

| Sl. No | Year | Period | Book No | Receipt No | Receipt Date | Amount | Collection Year | Approval Status | Posting Status | Entry Mode |
|---|---|---|---|---|---|---|---|---|---|---|
| 1 | 2023 | First Half | | 6057511001276 | 26/05/2023 | 43470 | 2023 | Approved | Posted | E-Payment |
| 2 | 2023 | Second Half | | 6057511001276 | 26/05/2023 | 43470 | 2023 | Approved | Posted | E-Payment |

4. സെക്ഷൻ ക്ലാർക്കിന്റെ ലോഗിനിൽ നിന്നല്ല അപേക്ഷ പരിഗണിച്ചിരിക്കുന്നത്.

പഞ്ചായത്തിലെ 18.09.2021 തിയതിയിലെ 35/2021 നമ്പർ ഓഫീസ് ഓഡർ പ്രകാരം പെർമിറ്റ്, നമ്പറിംഗ് എന്നീ ചുമതലകളുള്ള A3 സെക്ഷന്റെ ചുമതല രാജേഷ് പി. എസ്. എന്ന സീനിയർ ക്ലാർക്കിനാണ്. എന്നാൽ ഈ ജീവനക്കാരന്റെ ലോഗിനിൽ നിന്നല്ല കെട്ടിടത്തിന്റെ അപേക്ഷ പരിഗണിച്ചിരിക്കുന്നത്.

5. പെർമിറ്റ് വിവരങ്ങൾ ഒന്നും തന്നെ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

കെട്ടിടത്തിന്റെ പെർമിറ്റ്, ക്രമവൽക്കരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നമ്പറിനുള്ള അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

6. താമസേതരാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിയന്ത്രണമുള്ള പ്രദേശം

താമസേതരാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിയന്ത്രണമുള്ള പ്രദേശത്താണ് ഇല്ലാത്ത കെട്ടിടത്തിന് റിസോർട്ട് ഗണത്തിൽപ്പെടുത്തി നമ്പർ നൽകിയിരിക്കുന്നത്. സമീപത്തായി ഉപയോഗത്തിലില്ലാത്ത വിദ്യാഭ്യാസ ഉപയോഗക്രമത്തിലുള്ള കെട്ടിടം കിടക്കുന്ന എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് അന്വേഷണക്കുറിപ്പ് (നം. 05/തീ. 09.11.2023) നൽകുകയും 09.11.2023ന് പഞ്ചായത്തിലെ വാർഡിലെ ഫീൽഡ് ഡ്യൂട്ടി ചുമതലയുള്ള കെട്ടിടത്തിന് ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തുകയും ചെയ്തു. പരിശോധനയിൽ 44 എന്ന നമ്പരിൽ കെട്ടിടം 13-ാം വാർഡിൽ നിലവിലില്ല എന്ന് ബോധ്യപ്പെട്ടു. പ്രദേശത്ത് 42 എന്ന നമ്പരിൽ ഉപയോഗത്തിലില്ലാത്ത വിദ്യാഭ്യാസ

ഉപയോഗക്രമത്തിലുള്ള കെട്ടിടമാണ് നിലവിലുള്ളത്.

താമസേതരാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിയന്ത്രണമുള്ള പ്രദേശത്ത് നിലവില്ലാത്ത കെട്ടിടത്തിന് ഐ.എൽ.ജി.എം.എസ്. വഴി അപേക്ഷ ലഭിക്കാതെ തന്നെ സഞ്ചയയിൽ അപേക്ഷ വന്നതായി രേഖപ്പെടുത്തി, റിസോർട്ട് ഗണത്തിൽപ്പെടുത്തി, ഓഫീസ് സമയത്തല്ലാതെ നമ്പർ നൽകി, നികുതി ഈടാക്കിയത് സംബന്ധിച്ചും ഇത്തരത്തിൽ പഞ്ചായത്ത് പരിധിയിൽ മറ്റ് കെട്ടിടങ്ങൾക്ക് നമ്പരുകൾ നൽകുകയോ, തരം മാറ്റി നൽകുകയോ ചെയ്തിട്ടുണ്ടോ എന്ന കണ്ടെത്തുന്നതിന് സമഗ്രമായ അന്വേഷണം ആവശ്യമാണ്. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-12 ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഏതാനും കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗക്രമവും വാണിജ്യ ആവശ്യത്തിന് നൽകിയ ലൈസൻസ് പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു. പാർപ്പിടങ്ങൾ/വീട് എന്ന വിഭാഗത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ ഹോം സ്റ്റേയ്ക്കുള്ള ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ഉപയോഗക്രമം | ലൈസൻസ് നമ്പർ | വിസ്തീർണം |
|---|---|---|---|---|---|
| 1 | 1/234 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | A3/295/22 26.05.2022 | 49 ച. മീ. |
| 2 | 3/261 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | A3/469/22 31.05.2022 | 114 ച. മീ. |
| 3 | 12/187 A | പാർപ്പിടാവശ്യം | ഹോം സ്റ്റേ | A3/687/22 22.06.2022 | 681 ച. മീ. |

ഹോം സ്റ്റേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് ₹40/-യാണ്. പാർപ്പിടാവശ്യത്തിന് നിശ്ചയിച്ചിരിക്കുന്ന നിരക്ക് ₹7/-ഉം. കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിക്കാത്തത് മൂലം വസ്തു നികുതിയിനത്തിലുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

2. റിസോർട്ട് ആവശ്യത്തിലേക്കായി ലൈസൻസ് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ ഹോംസ്റ്റേ, പാർപ്പിടാവശ്യം എന്ന ഗണത്തിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഹോം സ്റ്റേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40 രൂപയാണ്. റിസോർട്ടുകൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 90 രൂപയും. ഇതു മൂലവും വസ്തു നികുതിയിനത്തിലുള്ള വരുമാനത്തിൽ കുറവു സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ഉപയോഗക്രമം | ലൈസൻസ് നമ്പർ | വിസ്തീർണം |
|---|---|---|---|---|---|
| 1 | 7/289 | ഹോം സ്റ്റേ | റിസോർട്ട് | A3 -2 688/22 21.04.22 | 332 ച .മീ |
| 2 | 7/289 A | | | | 51 ച .മീ |
| 3 | 7/289 B | | | | 31 ച .മീ |
| 4 | 7/320 | | | | 150 ച .മീ |
| 5 | 7/ 320 B | | | | 52 ച .മീ |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 06/09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസ് അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണ്ണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-13 രേഖാമൂലമുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലല്ലാതെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകി

സഞ്ചയയിലെ ഉടമസ്ഥാവകാശ മാറ്റത്തിന്റെ വിവരങ്ങൾ, ഐ.എൽ.ജി.എം.എസ്.-ൽ നിന്നും ലഭ്യമാക്കിയ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം അപേക്ഷ ലഭിക്കാത്ത കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സഞ്ചയയിൽ മാറ്റി നൽകുകയും ഇത് പ്രകാരമുള്ള നികുതി ഈടാക്കുയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഫയൽ നം./ തീയതി | പുതിയ ഉടമ | പഴയ ഉടമ | വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|---|---|---|
| 1 | 2/347 | 221/0 2.01.2023 | George Varughese (C A 94 Rivera Retreat Pandit Karuppan Road Thevara Thevara S O Thevara, Eranakulam) | Marykutty Cheriyan (Puthenangadi House, Kunnamkulam P.O, Anjur, Thrissur, P. O.) | 110 ച. മീ. | പാർപ്പി ടാവശ്യം |
| 2 | 10/338 | 1402 / 25-05-2023 | Thomas (Maramkuzhackal, Josegiri, Josegiri P.O. 685565) | Wilson M T ( Maramkuzhackal, Josegiri, Josegiri P. O. 685565) | 92 ച. മീ. | പാർപ്പിട ടാവശ്യം |
| 3 | 10/338 | 1606/2023/ 22-06-2023 | | | | |

രേഖാമൂലമുള്ള അപേക്ഷകൾ ലഭിക്കാതെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയതിന് വിശദീകരണം

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല (നം.08/ തീ.09.11.2023). അപേക്ഷകളില്ലാതെ സഞ്ചയയിൽ ഉടമസ്ഥാവകാശം മാറ്റിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-14 വാടക ഇനത്തിൽ കുടിശിക അവശേഷിക്കുന്നു

വാടക രജിസ്റ്റർ, ധനകാര്യ പത്രിക എന്നിവ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ കുടിശിക അവശേഷിക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹2,24,796/- അരിയറായി രേഖപ്പെടുത്തിയിരിക്കുന്നു. തൻവർഷ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | തുക |
|---|---|---|
| | | (തൻവർഷം) |
| 1 | 9 | 35860 |
| 2 | ഫേമസ് ബേക്കേഴ്സ് | 24000 |
| | ആകെ | 59860 |

കുടിശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വാടക തുകകൾ യഥാസമയം പിരിച്ചെടുക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-15 ഇ-ടെണ്ടർ ഫീസ് - തിരിച്ചുകിട്ടാൻ അവശേഷിക്കുന്നു

ഇ-ടെണ്ടർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ എത്തിയിട്ടുള്ള തുക നാളിതുവരെയായും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല. 2019-20, 2020-21 വാർഷിക പദ്ധതികളിൽ ടി ഇനത്തിൽ വരവുള്ള തുകകൾ യഥാക്രമം ₹22,288/-, ₹15,255/- എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനായി 8/AE/LDGD/BSLY/2021-22/തീ. 29-11-2011 പ്രകാരം കത്ത് നൽകിയെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. 2022-23 വർഷം 15 പദ്ധതികൾക്ക് വേണ്ടിയുള്ള ഇ-ടെണ്ടർ ഫീസിനത്തിൽ ₹44,625/-യും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ എത്തിയിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന വർഷങ്ങൾക്ക് മുമ്പുള്ള തുകകൾ തിരികെ ലഭിക്കാനുള്ളത് സംബന്ധിച്ച് സ്ഥിരീകരണം നടത്തേണ്ടതും ലഭിക്കാനുള്ള മുഴുവൻ തുകയും പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇ-ടെണ്ടർ ഫീസ് പിരിക്കുന്ന ആവശ്യത്തിലേക്കായി എസ്.ബി.ഐ. പൊട്ടൻകാട് ശാഖയിൽ 21-02-2023-ൽ 41688868446 നമ്പരായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ടി അക്കൗണ്ടിൽ വർഷാന്ത്യം ബാക്കിനിൽക്കുന്ന തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

1-16 വാങ്ങൽ പ്രക്രിയയിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൻവർഷം നടത്തിയ താഴെ സൂചിപ്പിക്കുന്ന വാങ്ങൽ പ്രക്രിയകളിൽ അപാകതകൾ കാണുന്നു.

| ക്രമ നം. | പദ്ധതി വിവരം | |
|---|---|---|

| | | |
|---|---|---|
| 1 | ഹൈസ്പീഡ് സ്കാനർ വാങ്ങൽ (പ്രോജക്ട് നം. 171/23) ബിൽ നം. 22100752010200074679/ 06.05.2022 – ₹39559/- | കെ. എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് A4-SHEET-FED DOCUMENT SCANNER EPSON DS-870 ഒരെണ്ണം വാങ്ങിയിരിക്കുന്നു. Gem മുഖേനയാണ് വാങ്ങൽ നടത്തിയത് എങ്കിലും മത്സരാധിഷ്ഠിതമല്ലാത്ത നടപടിയിലൂടെയാണ് വാങ്ങിയത് |
| 2 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ (പ്രോജക്ട് നം. 11/23) ബിൽ നം. 22100752010201010089/ 07.01.2023 – ₹262681/- ബിൽ നം. 22100752010201578030/ 31.03.23 – ₹25960/- | കെ. എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് INK JET PRINTER MFD - EPSON 3M.3170 പ്രിന്റർ നാല് എണ്ണവും DESK TOP COMPUTOR HP I3/ITB/DOS മൂന്ന് എണ്ണവും ഗയിൻ ഇൻഫോ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്ന് EPSON-L 6460 INKTANK PRINTER ഒരെണ്ണവും വാങ്ങിയിരിക്കുന്നു. Gem മുഖേനയാണ് വാങ്ങൽ നടത്തിയത് എങ്കിലും മത്സരാധിഷ്ഠിതമല്ലാത്ത നടപടിയിലൂടെയാണ് വാങ്ങിയത് |
| 3 | ഗ്രാമീണ പഠന കേന്ദ്രം (പ്രോജക്ട് നം. 153/23) ബിൽ നം. 22100752010201010073/ 07.01.2023 – ₹238244/- ബിൽ നം. 22100752010201575015/ 31.03.2023 – ₹96225/- | ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ പഠന കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനും പി. എസ്. സി. കോച്ചിംഗ് നടത്തുന്നതിനും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ വാങ്ങൽ നടപടികൾ മാത്രമാണ് നടത്തിയിരിക്കുന്നത്. ഗ്രാമീണ പഠന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. കെ. എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് INK JET PRINTER MFD -EPSON 3M.3170 പ്രിന്റർ നാല് എണ്ണവും DESK TOP COMPUTOR HP I3/ITB/DOS നാല് എണ്ണവും Gem മുഖേനയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ മത്സരാധിഷ്ഠിതമല്ലാത്ത നടപടിയിലൂടെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. എ.എൻ.എസ്. ഇൻഫോടെക്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്ന് HYCON 600VA UPS നാല് എണ്ണം വാങ്ങിയിരിക്കുന്നു. Gem മുഖേനയല്ല പ്രസ്തുത ഇനങ്ങൾ വാങ്ങിയിരിക്കുന്നത്. മത്സരാധിഷ്ഠിതമല്ലാത്ത നടപടിയിലൂടെ നേരിട്ട് വാങ്ങിയിരിക്കുന്നു. വാങ്ങിയ ഇനങ്ങൾ എന്ത് ചെയ്തു എന്ന കാര്യം വ്യക്തമല്ല. |
| 4 | എ. ഇ. ഓഫീസ്, എൻ. ആർ. ഇ. ജി. എ. ഓഫീസ് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ – (പ്രോജക്ട് നം. 186/23) ബിൽ നം. 22100752010201010075/ 07.01.2023 – ₹158425/- | ഹിന്ദ് ഡിജിറ്റൽ സൊല്യൂഷൻസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് INK JET PRINTER MFD-EPSON 3M.3170 ഒരു പ്രിന്ററും കെ. എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് DESK TOP COMPUTOR HP I3/ITB/DOS രണ്ട് എണ്ണവും Gem മുഖേന മത്സരാധിഷ്ഠിതമല്ലാത്ത നടപടിയിലൂടെ വാങ്ങിയിരിക്കുന്നു |
| 5 | സി. സി. ടി.വി. സ്ഥാപിക്കൽ (പ്രോജക്ട് നം.107/22, 18/23, 205/23 | (പ്രത്യേക ഖണ്ഡിക 1-18 ഉൾപ്പെടുത്തിയിരിക്കുന്നു) |

പദ്ധതി നടത്തിപ്പിലെ മറ്റ് പൊതു അപാകതകൾ താഴെ ചേർക്കുന്നു.

1. പൊതു ഭരണം, ധനകാര്യം വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള ശുപാർശ ഇല്ലാതെ പദ്ധതികൾ ആസൂത്രണം

നടത്തിയിരിക്കുന്നു.

2. വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ അംഗീകാരം ഇല്ല.

3. പഞ്ചായത്ത് ഭരണ സമിതി അംഗീകാരം ലഭിച്ചതായി ഡി. പി. സി. അംഗീകാരം ലഭിച്ച പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തീയതികളിൽ പഞ്ചായത്ത് കമ്മറ്റി കൂടിയിട്ടില്ല എന്ന് മാത്രമല്ല പദ്ധതികൾക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം പോലുമില്ല.

4. GEM മുഖേന വാങ്ങലുകൾ നടത്തണമെന്നുള്ള സർക്കാർ നിർദ്ദേശത്തെ ദുരുപയോഗപ്പെടുത്തി GEMൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ചില പ്രത്യേക സ്ഥാപനങ്ങളിൽ നിന്ന് സുതാര്യത ഉറപ്പാക്കാതെ മത്സരാധിഷ്ഠിതമല്ലാത്ത നടപടിയിലൂടെ വാങ്ങലുകൾ നടത്തിയിരിക്കുന്നു.

5. ഗ്രാമീണ പഠന കേന്ദ്രത്തിനായി പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്ന് വ്യതിചലിച്ച് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ച് കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങിയിരിക്കുന്നു. എന്നാൽ പദ്ധതി ഫലപ്രദമായി നടപ്പാക്കാനായില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ 15/തീ. 10.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 5 ഒഴികെയുള്ള പദ്ധതികളിലെ ₹8,21,094/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പോഷകാഹാര പദ്ധതി - ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്ന് ടി. ഡി. എസ്. കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് പേര്/നം. | അംഗൻവാടി പോഷകാഹാര പരിപാടി - (75/23) |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) – ₹1400000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹7000000/- |
| ചെലവ് | വികസന ഫണ്ട് (ജനറൽ) – ₹1400000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹628336/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | |
|---|---|
| പ്രോജക്ട് പേര്/നം. | അംഗൻവാടി പോഷകാഹാര പരിപാടി (SO) - (33/23) |
| അടങ്കൽ | വികസന ഫണ്ട് (ടി.എസ്.പി.) – ₹700000/- |
| ചെലവ് | വികസന ഫണ്ട് (ടി.എസ്.പി.) – ₹595459/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50

ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ മേൽ പരാമർശിച്ച പദ്ധതികളിൽ ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് ഓജസ് ന്യൂട്രിമിക്സ്, കാമാക്ഷി എന്ന സ്ഥാപനത്തിന് താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ജി. എസ്. ടി. ഇനത്തിൽ തുക കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അംഗൻവാടി പോഷകാഹാര പരിപാടി – (75/23) | | |
| ഓജസ് ന്യൂട്രിമിക്സിന്റെ ഇൻവോയ്സ് നം./തീയതി | തുക ₹ | തുക നൽകിയ ട്രഷറി ബിൽ നം./തീയതി |
| 92/27.06.22 | 72544 | 22100752013600/11.11.22 |
| 99/11.07.22 | 68796 | 22100752013600/11.11.22 |
| 43/25.01.22 | 67252 | 221007520136013/25.05.22 |
| 57/25.02.22 | 79490 | 221007520136013/25.05.22 |
| 67/19.03.33 | 74970 | 221007520136013/25.05.22 |
| | 363052 | |
| അംഗൻവാടി പോഷകാഹാര പരിപാടി (SO) – (33/23) | | |
| 178/04.02.223 | 63370 | (Central Share Cheque,<br>No : 4886826, Dt. 21-03-2023) |
| 189/02.03.23 | 75631 | |
| 114/19.08.22 | 71001 | (Central Share - Cheque,<br>No : 41196364, Dt. 09-02-2023) |
| 126/17.09.22 | 80813 | |
| 136/10.10.22 | 66591 | |
| 147/09.11.22 | 84892 | |
| 159/07.12.22 | 58432 | |
| 170/06.01.23 | 77175 | |
| | 577905 | |

മേൽ പരാമർശിച്ച പ്രകാരം ആകെ പ്രവൃത്തി മൂല്യമായ ₹9,40,957/-യുടെ 2% (സി.ജി.എസ്.ടി., എസ്.ജി.എസ്.ടി.) തുകയായ ₹18,819/- പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 സി.സി.ടി.വി. വാങ്ങൽ - അപാകതകൾ

സി.സി.ടി.വി. സ്ഥാപിക്കുന്നതിനായി രണ്ട് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നു. പദ്ധതി വിവരങ്ങൾ താഴെ

ചേർക്കുന്നു.

| ക്രമ നം. | പദ്ധതി വിവരം | ചെലവ് വിവരം |
|---|---|---|
| 1 | സി. സി. ടി.വി. സ്ഥാപിക്കൽ – 107/22, 18/23 – ₹50000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) – ബൈസൻവാലി ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി Cctv സ്ഥാപിക്കുന്നതിനായുള്ള പദ്ധതി | വൗച്ചർ നമ്പർ – 22200808/ 31.03.2023- ₹50000/- IT Way Systems, കൊച്ചി എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. |
| 2. | പഞ്ചായത്ത് ഓഫീസിൽ സി. സി. ടി.വി. സ്ഥാപിക്കൽ 205/23 - ₹48000/- (തനത് ഫണ്ട്) | വൗച്ചർ നമ്പർ – 22200810/ 31.03.2023- ₹47900/- IT Way Systems, കൊച്ചി എന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്നു. |

മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി. ടി.വി. സ്ഥാപിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. മതിയായ ബജറ്റ് വകയിരുത്തൽ നടത്തിയിട്ടില്ല – സി. സി. ടി.വി. സ്ഥാപിക്കൽ എന്ന പദ്ധതി ശുചിത്വം, മാലിന്യ സംസ്കരണം എന്ന മേഖലയിൽ ഉൾപ്പെടുത്തി തയ്യാറാക്കി നിർവ്വഹണം നടത്തിയിരിക്കുന്നു. ശുചിത്വം, മാലിന്യ പരിപാലനം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുക ₹1,00,000/- മാത്രമാണ്. അനിവാര്യമായ ₹50,000/- വീതം മതിപ്പ് ചെലവ് വരുന്ന മറ്റ് രണ്ട് പദ്ധതികൾ ഈ മേഖലയിൽ സെക്രട്ടറി തന്നെ നിർവ്വഹണം നടത്തിയിരിക്കുന്നു. ആയതിനാൽ ഈ പദ്ധതിക്കായി ബജറ്റ് വകയിരുത്തൽ നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

2. വികസന സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച നടത്തിയില്ല – ക്രമ നം. 1 പ്രകാരമുള്ള പദ്ധതിയുടെ ഡി.പി.സി. അംഗീകാരം ലഭിച്ച പദ്ധതി ഫോമിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം 04.05.2021ൽ ലഭിച്ചിരിക്കുന്നതായും രണ്ടാം പദ്ധതിക്ക് 18.04.2022ലെ 1-ാം നമ്പർ തീരുമാന പ്രകാരവും ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ സ്പിൽ ഓവർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ തീരുമാനിച്ചു എന്ന രേഖപ്പെടുത്തൽ മാത്രമാണുള്ളത്. സി. സി. ടി. വി. സ്ഥാപിക്കുന്നതിനുള്ള പദ്ധതികളുടെ വിവരങ്ങളോ വിശദമായ ചർച്ചകളോ നടത്തി അംഗീകാരം നൽകിയിട്ടില്ല.

3. വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് നിർദ്ദേശം ഉയർന്ന് വന്നിട്ടില്ല – ക്രമനം 1 പ്രകാരമുള്ള പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് കുടിവെള്ളം, ശുചിത്വം പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ 03.02.2021, 20.02.2021, 26.05.22, 08.06.2022 തീയതികളിലെ മിനിട്ട്സ് പരിശോധിച്ചതിൽ പദ്ധതി സംബന്ധിച്ച് ചർച്ചകൾ നടത്തിയതായി കാണുന്നില്ല. രണ്ടാം പദ്ധതിയുടേത് പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പും ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 03.02.21, 20.02.2021, 08.02.2022, 08.06.2022, 13.01.23 തീയതികളിലെ മിനിട്ട്സ് പരിശോധിച്ചതിൽ പദ്ധതി സംബന്ധിച്ച് ചർച്ചകൾ നടത്തിയതായി കാണുന്നില്ല. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിലല്ല പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാകുന്നു.

4. ജനറൽ കമ്മറ്റിയിൽ ചർച്ച നടത്തിയില്ല – അധിക തുക അനുവദിച്ചുകൊണ്ടുള്ള പദ്ധതിക്ക് (പ്രോജക്ട് നം. 205/23) ജനറൽ കമ്മിറ്റിയുടെ 06.01.2023ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചതായി പദ്ധതി ഫോമിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മിനിട്ട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള പദ്ധതി കമ്മിറ്റിയിൽ ചർച്ച നടത്തിയിട്ടില്ല.

5. അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് നിർവ്വഹണം നടത്തിയിരിക്കുന്നു – ബൈസൻ വാലി ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി Cctv സ്ഥാപിക്കുന്നതിനായുള്ളതായിരുന്നു പദ്ധതി. എന്നാൽ ഇതിൽ നിന്ന് വ്യതിചലിച്ച് പഞ്ചായത്ത് ഓഫീസിലാണ് സി. സി. ടി.വി. സ്ഥാപിച്ചിരിക്കുന്നത്.

5. ക്ഷമതയുള്ള അധികാരി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല – സ്ഥാപിക്കേണ്ട ക്യാമറകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ ഇവയുടെ സ്പെസിഫിക്കേഷൻ, ബാക്ക്അപ് എന്നിവ കണക്കാക്കി ക്ഷമതയുള്ള അധികാരി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക നിർണ്ണയിച്ചതിന് ശേഷമല്ല പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

6. ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കി പ്രസിദ്ധീകരിക്കാതെ തന്നെ മൂന്നു സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നു – ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. എന്നാൽ, ഫയലിൽ മൂന്ന് ക്വട്ടേഷനുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

7. ഉൾപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷനുകൾ വ്യാജമായി നിർമ്മിച്ചത് – ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷനുകളിലെ രേഖപ്പെടുത്തലുകൾ തന്നെ സംശയം ജനിപ്പിക്കുന്നതാണ്. ക്വട്ടേഷനുകളിൽ ഒന്നായ 'ASHIAN TEACHNOLOLOGY' രാജാക്കാട് എന്ന തലക്കെട്ടുള്ള സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ മറ്റൊരു ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത് 'ASIAN TECHNOLOGY' എന്നാണ്. ക്വട്ടേഷനിലെ 9605797738 നമ്പരിൽ വിളിച്ചപ്പോൾ വിഷ്ണുദേവ് എന്ന വ്യക്തിയെ ആണ് കിട്ടിയത്. ഇദ്ദേഹം ക്വട്ടേഷനിൽ പങ്കെടുത്തിട്ടില്ല എന്നും തനിക്ക് ഇത്തരത്തിലുള്ള സ്ഥാപനം ഇല്ല എന്നുമാണ് അറിയിച്ചത്. ഇതിൽ നിന്ന് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ വ്യാജമായി നിർമ്മിച്ചതാണ് എന്ന് വ്യക്തമാകുന്നു. Vyapar App. വഴി നിർമ്മിച്ചത് എന്ന് ക്വട്ടേഷനിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരു ക്വട്ടേഷൻ നൽകിയ KARMA TECHNOLOGY, 20 ഏക്കർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനിലെ 9497480929 നമ്പരിൽ വിളിച്ചപ്പോൾ PRAMOD N. P. എന്ന വ്യക്തിയെ ആണ് കിട്ടിയത്. ഇദ്ദേഹം അസി. എഞ്ചിനീയറുടെ ഓഫീസിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ക്ലർക്കാണ്. "ഞാൻ സബ് എടുത്ത് പ്രവൃത്തി ചെയ്തു" എന്ന് ഫോണിൽ അറിയിക്കുകയും ചെയ്തു. IT WAY SYSTEMS, KOCHI എന്ന സ്ഥാപനത്തിന്റെ ₹49,300/-ന്റെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മറ്റിയുടെ 17.12.2022ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചിരിക്കുന്നു. IT WAY SYSTEMS-ന്റെ

TAX INVOICE-ലും ഇൻസ്റ്റലേഷൻ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരിക്കുന്ന സീൽ KARMA TECHNOLOGY-യുടേതാണ്. രണ്ടിലും ഒരേ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് പഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ തന്നെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ക്വട്ടേഷൻ നോട്ടീസ് ഇല്ലാതെയും പദ്ധതിയുടെ നിർവ്വഹണം ഏറ്റെടുത്ത് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. എന്നാൽ മേൽ ബില്ലുകൾ പ്രകാരമുള്ള തുക നൽകിയിരിക്കുന്നത് എറണാകുളത്തുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്. പ്രസ്തുത സ്ഥാപനവും ജീവനക്കാരും തമ്മിലുള്ള ബന്ധവും അന്വേഷണ വിധേയമാക്കേണ്ടതാണ്.

8. അധിക തുക നൽകിയിരിക്കുന്നു - ഉറപ്പിച്ച ക്വട്ടേഷൻ പ്രകാരം നൽകേണ്ട തുക ₹49,300/- മാത്രമാണ്. എന്നാൽ മേൽ ബില്ലുകൾ പ്രകാരം ₹97,900/- നൽകിയിരിക്കുന്നു. വ്യക്തമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ ഉപകരണങ്ങളുടെ നിർണ്ണയം നടത്താതെ യഥേഷ്ടം വാങ്ങൽ നടപടികൾ നടത്തിയത് മൂലമാണ് അധിക തുക ചെലവഴിക്കേണ്ടി വന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9/തീ. 09.11.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹97,900/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുകകൾ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് | ചെലവ് വിവരം |
|---|---|---|
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>പ്രോജക്ട് നം. 4/23 | 22100752010200910019/15.12.2022- ₹200000/- |
| 2 | എസ്. എസ്. എ. വിഹിതം.<br>പ്രോജക്ട് നം. 4/23 | 22100752010200772856/14.11.2022-₹400000/- |
| 3 | എ. ബി. സി. പ്രോജക്ട് പഞ്ചായത്ത് വിഹിതം<br>പ്രോജക്ട് നം. 93/23 അടിമാലി ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുക | 22100752010200772867/14.11.2022- ₹100000/-<br>22100752010200772869/14.11.2022- ₹300000/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മൂന്ന് പദ്ധതികളിലുമായുള്ള ആകെ ₹10,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങളും, ക്രമ നമ്പർ 1 പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-20 ബോട്ടിൽ കളക്ഷൻ ബൂത്ത് സ്ഥാപിക്കൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | പൊതു സ്ഥലങ്ങളിൽ ബോട്ടിൽ കളക്ഷൻ ബൂത്ത് സ്ഥാപിക്കൽ (74/23) |
| അടങ്കൽ | 300000/- (CFC) |
| ചെലവ് | 296298/- (XVFC/2022-23/p/15/22.2.23) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ബോട്ടിലുകൾ വലിച്ചെറിയപ്പെടുന്ന പ്രവണത ഒഴിവാക്കുന്നതിനും പ്ലാസ്റ്റിക്ക് ബോട്ടിലുകൾ കളക്ട് ചെയ്യുന്നതിനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുകയാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പദ്ധതി നടപ്പാക്കുന്നതിന് KAICO, Ernakulam എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അതിൻപ്രകാരം 27 ബോട്ടിൽ കളക്ഷൻ ബൂത്തുകൾ ലഭ്യമാക്കിയതിന് KAICO സമർപ്പിച്ച ₹2,96,298/-യുടെ ബിൽ ഫയലിൽ ലഭ്യമാണ്. എന്നാൽ പ്രസ്തുത ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് ബോട്ടിലുകൾ വലിച്ചെറിയപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടങ്ങളിൽ ഈ ബൂത്തുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്രകാരം ബൂത്തുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ കണ്ടത്തിയതായി രേഖകളില്ല. KAICO ഈ ബൂത്തുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. ബോട്ടിൽ കളക്ഷൻ ബൂത്ത് സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളുടെ പേരുവിവരം ഉൾപ്പെടെ പദ്ധതി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-21 പി.വി.സി. കുടിവെള്ള ടാങ്ക് വിതരണം (ടി.എസ്.പി.)- അപാകതകൾ

| | |
|---|---|
| പദ്ധതി | (109/23) – പി.വി.സി. കുടിവെള്ള ടാങ്ക് വിതരണം (ടി.എസ്.പി.) |
| അടങ്കൽ | ₹200000/- (വികസന ഫണ്ട് – ടി.എസ്.പി.) |
| ചെലവ് | ₹198900/- (BRN.22100752007401152339/തീ. 07.02.2023) |
| നിർവഹണം | വി.ഇ.ഒ. |

പഞ്ചായത്തിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. അതിനായി ടെണ്ടർ ക്ഷണിച്ചതനുസരിച്ച് താഴെ പറയുന്ന മൂന്ന് ടെന്ററുകൾ ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ക്വോട്ട് ചെയ്ത തുക | മറ്റ് വിവരങ്ങൾ |
|---|---|---|---|
| 1 | പി.ജി. എന്റർപ്രൈസസ്, മലപ്പുറം | ₹3240/- ജിഎസ്.റ്റി. ഉൾപ്പെടെ | 18.5 Kg ഭാരമുള്ള 15 വർഷ ഗ്യാരന്റിയുള്ള ISI മാർക്ക് ടാങ്ക് |
| 2 | ബി.ജി.എസ്.റ്റി., മലപ്പുറം | ₹3400/- ജിഎസ്.റ്റി. ഉൾപ്പെടെ | 18.5 Kg ഭാരമുള്ള 15 വർഷ ഗ്യാരന്റിയുള്ള ISI മാർക്ക് ടാങ്ക് |
| 3 | ക്ലിയർ ടെക്ക്, രാജകുമാരി | ₹3900/- + ജി.എസ്.റ്റി | 18 Kg ഭാരമുള്ള 10 വർഷ ഗ്യാരന്റിയുള്ള ISI മാർക്ക് ടാങ്ക് |

സാമ്പിൾ ഹാജരാക്കിയില്ല എന്ന കാരണം രേഖപ്പെടുത്തിയാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രണ്ട് സ്ഥാപനങ്ങളെ ഒഴിവാക്കി ക്ലിയർടെക് എന്ന സ്ഥാപനത്തിൽനിന്നും വാട്ടർ ടാങ്കുകൾ വാങ്ങുന്നതിന് 17.02.2023-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത്. അതിൻ പ്രകാരം 51 വാട്ടർ ടാങ്കുകൾ വാങ്ങിയതിന് സ്ഥാപനം സമർപ്പിച്ച ₹1,98,900/-യുടെ ബിൽ ഫയലിലുണ്ട്. എന്നാൽ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയ 46 പേരുടെ അപേക്ഷയും ആ അപേക്ഷയിൽ തന്നെ കൈപ്പറ്റ് വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു.

ഉറപ്പിച്ച ടെണ്ടർ പ്രകാരം 18 Kg ഭാരമുള്ള 10 വർഷ ഗ്യാരന്റിയുള്ള ISI മാർക്കുള്ള ടാങ്കുകളാണ് വിതരണം നടത്തേണ്ടത്. ഇതേ ടാങ്കാണ് വിതരണം നടത്തിയത് എന്ന് ക്യാഷ് ബില്ലിൽ നിന്നോ മറ്റേതെങ്കിലും രേഖകളിൽ നിന്നോ വ്യക്തമല്ല. മാത്രമല്ല 51 ടാങ്കുകൾ പൂർണ്ണമായും വിതരണം ചെയ്തതിന്റെ രേഖയും ലഭ്യമല്ല. ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള വാട്ടർ ടാങ്കുകളാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നതെന്ന സാക്ഷ്യപത്രം വാർഡ് മെമ്പർമാരിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കുന്ന 5 വാട്ടർ ടാങ്കുകൾ കൂടി വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖയും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 300000 | സുവർണ്ണ ഭവനം (211/23) | 300000 | 0 |
| | 220000 | സമഗ്ര നെൽകൃഷി വികസനം (152/23) | 220000 | 0 |
| | 204732 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (13/23) | 204732 | 0 |
| | 300000 | ക്ഷീര കർഷകർക്ക് ഉല്പാദക ഇൻസെന്റീവ് (97/23) | 300000 | 0 |
| അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 217400 | ക്ഷീര കർഷകർക്ക് ഉല്പാദക ഇൻസെന്റീവ് (97/23) | 217400 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ മുൻകൂർ വിവരം

– ഇല്ല -

## 4-4 വായപ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,78,30,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(കൈ)68/18/ ത.സ്വ.ഭ.വ/ തീ.18.5.18 | 17830000 | 18097259 | 1818667 | - | 34108592 |

2021 -22 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ മുൻ വർഷം ₹7,78,132/- വികസനഫണ്ട് അലോട്ട്മെന്റ് തുകയിൽ നിന്നും കുറവ് ചെയ്തിരുന്നെങ്കിലും പ്രസ്തുത തിരിച്ചടവ് സാംഖ്യ അക്കൗണ്ടിൽ പ്രതിഫലിച്ചിരുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ₹1,90,80,608/-യാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ മുൻ വർഷത്തിൽ തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്ന തുക ₹1,80,97,259/-യാണ്. 2022-23 വർഷത്തിൽ തിരിച്ചടച്ചിരിക്കുന്നത് ₹18,18,667/-യാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹33,82,082/- തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ രജിസ്റ്റർ കാലികമാക്കി തിരിച്ചടവ് തുകകളുടെ കൃത്യത അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 07/തീ. 09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർദ്ദേശങ്ങൾ പാലിച്ച് വായ്പ രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷപം

– ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹7,135/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| - | - | 5120/- | ശ്രീ.എം.സ്റ്റീഫൻ | 1220103736/ |

| | | | | |
|---|---|---|---|---|
| | | | (റിട്ട. അസിസ്റ്റന്റ് സെക്രട്ടറി) | 25.03.2023 |
| 2021-22 | 1-21 | 2015/- | ശ്രീ.ജോഷി ആന്റണി<br>(കരാറുകാരൻ) | 1220103523/<br>09.03.2023 |

ശ്രീ. എം. സ്റ്റീഫൻ (റിട്ട. അസിസ്റ്റന്റ് സെക്രട്ടറി) ഒടുക്കിയിരിക്കുന്ന തുക ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ റിപ്പോർട്ടുമായി ബന്ധപ്പെട്ടതല്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 04/തീ. 08.11.2023. ലഭ്യമാക്കിയ മറുപടി )

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1<br>2-3 | 2016-17 | അനുബന്ധം<br>3 & 4 | തൊഴിൽ നികുതി<br>പിരിവിലെ അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹13236567/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹47182230/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹60418797/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹46356325/- |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹14062472/- |
| കുറിപ്പ് : പഞ്ചായത്തിന്റെ 2022-23 ലെ റെസിപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത് | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1918994/- |
|---|---|

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-16 | 821094 | ശ്രീ. രമേഷ് പി. ആർ., സെക്രട്ടറി |
| 1-18 | 97900 | ശ്രീ. രമേഷ് പി. ആർ., സെക്രട്ടറി |
| 1-19 | 1000000 | ശ്രീ. രമേഷ് പി. ആർ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രമേഷ് പി. ആർ.<br>സെക്രട്ടറി | വിരമിച്ചു | പ്രണവശ്രീ<br>വാഴൂർ പി. ഒ.<br>കോട്ടയം |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 2003-04 | കെ.എസ്.ഐ.ഡി.കെ-പി7/1437 /2003-04 അദാ./2022 തീയതി 22.09.2022 | 2 | 3-4, 3-8 |
| 2007-08 | കെ.എസ്.ഐ.ഡി.കെ-പി7/1437 /2007-08 അദാ./2022 തീയതി 22.09.2022 | 1 | 3-6 |
| 2008-09 | കെ.എസ്.ഐ.ഡി.കെ-പി7/1437 /2008-09 അദാ./2022 തീയതി | 1 | 3-4 |

| | | | |
|---|---|---|---|
| | 22.09.2022 | | |
| 2012-13 & 2013-14 | കെ.എസ്.ഐ.ഡി.കെ-പി7/1437/ 2012-13 & 2013-14 അദാ./2022 തീയതി 22.09.2022 | 3 | 3-3, 3-4, 3-5 |
| 2014-15 | കെ.എസ്.ഐ.ഡി.കെ-പി7/1437/2014-15 അദാ./2022 തീയതി 22.09.2022 | 2 | 2-3, 3-4 |
| 2015-16 | കെ.എസ്.ഐ.ഡി.കെ-പി7/1437/2015-16 അദാ./2022 തീയതി 22.09.2022 | 1 | 3-2 |
| 2016-17 | കെ.എസ്.ഐ.ഡി.കെ-പി7/1437/2017-18 അദാ./2022 തീയതി 22.09.2022 | 2 | 3-2, 3-3 |
| 2017-18 | കെ.എസ്.ഐ.ഡി.കെ-പി7/1437/2017-18 അദാ./2022 തീയതി 22.09.2022 | 5 | 2-2, 3-4, 3-5, 3-6, 3-7 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-പി7/1437 /2018-19/അദാ./2022, തീയതി 22.09.2022 | 2 | 3-1, 3-3 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-7/773/2021, തീയതി 08.09.2021 | 15 | 1-5-1, 1-9, 1-10 മുതൽ 1-17 വരെ, 1-19 മുതൽ 1-21 വരെ, 4-8, 4-11 |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-7/772/2021, തീയതി 26.09.2021 | 20 | 1-9 മുതൽ 1-24 വരെ, 1-26 മുതൽ 1-29 വരെ |
| 2021-22 | നം.കെ.എസ്.എ-ഐ.ഡി.കെ-7/1618 /2021, തീയതി 18.01.2023 | 20 | 1-2 മുതൽ 1-27 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Baisonvalley Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report,

Date: 28/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Baisonvalley Grama Panchayat for the Year 2022-2023 .

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

**2.Other Observations**

1. Cash Flow statement - Net increase /decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. Directly debited by Bank further action not taken.

3. Demand register does not match with financial statements.

4. The Registers viz., deposit register, advance register, loan register etc. are not maintained correctly and or does not match with accounts.

5. Lapses in making timely and accurate demand entries in respect of tax and non-tax revenue.

6. Lack of authenticated journal vouchers for supporting the adjustment entries recorded and those recorded in prior period items.

7. Depreciation provided for assets is more than their book value.

8. Grant liability amount shown as liability in balance sheet does not match the bank accounts maintained for the specified purposes.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്